മിസ്റ്റർ ടി. കെ. നായർ.—ഡിപ്പാർട്ട്മെന്റ് മേലധികാരികൾ അഴിമതി ചെയ്യുന്നുണ്ട് മരിച്ചതെങ്കിൽ മേലാൽ അങ്ങനെ വരാതിരിക്കുവാൻവേണ്ടി അതിനെ അന്വേഷിക്കേണ്ടതല്ലേ?

രാമവമ്മതമ്പുരാൻ.—പ്രൊട്ടക്ടർ റിപ്പോർട്ട്ചെയ്തിരിക്കുന്നതു് ശേഷാദ്രിഅയ്യരെ അപ്പോയിന്റുചെയ്തതു് ശരിയാണെന്നാണ്.

മിസ്റ്റർ ടി. കെ. നായർ.—പ്രൊട്ടക്ടരുടെ റിപ്പോർട്ട് ശരിയാണെന്നന്വേഷിക്കേണ്ട മുമതല ഗവമ്മെണ്ടിനല്ലേ?

Colony for the Depressed Classes at Eriyad.

347. മിസ്റ്റർ കെ. പി. വള്ളോൻ.—(a) എറിയാടു് ദേശനിവാസികളായ അധഃകൃതക്ക് ഒരു കോളനി ഉണ്ടാക്കിക്കൊടുക്കുവാൻവേണ്ടി വല്ല ഹർജികളും കിട്ടീട്ടുണ്ടോ;

(b) ഉണ്ടെങ്കിൽ എന്തുചെയ്തു?

രാമവമ്മതമ്പുരാൻ.—(a) ഉണ്ടു്.

(b) എറിയാടു വില്ലേജിൽ പുറമ്പോക്കുസ്ഥലം ഇല്ലാത്തതുകൊണ്ടു കോളനിക്കുവേണ്ടിയുള്ള സ്ഥലം വിലകൊടുത്തു വാങ്ങുവാൻ ആലോചിച്ചുവരുന്നുണ്ടു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈഹർജി കിട്ടിയിട്ടു എത്ര നാളായി?

രാമവമ്മതമ്പുരാൻ.—date നിശ്ചയമില്ല; നോക്കിവേണം പറയുവാൻ.

മിസ്റ്റർ കെ. പി. വള്ളോൻ.—എത്രനാൾകൊണ്ടു് ഈ ആലോചന പൂർത്തിയാകും?

രാമവമ്മതമ്പുരാൻ.—ഉടനെ കഴിയും.

Utsavam expenditure in Bhajanamadom of the Depressed Classes.

348. മിസ്റ്റർ കെ. പി. വള്ളോൻ.—ഫസ്ലി മുതൽ ഫസ്ലി വരെ ഈ രാജ്യത്തെ അധഃകൃതഭജനമാങ്ങളിൽ ഉത്സവംകഴിക്കുവാൻ ചിലവായിട്ടുള്ള സംഖ്യയുടെ ഇനം തിരിച്ചുള്ള ഒരു ലിസ്റ്റ് മേശപ്പുറത്തു വെക്കുമോ?

രാമവമ്മതമ്പുരാൻ.—അധഃകൃത ഭജനമഠങ്ങളിൽ ഉത്സവം കഴിക്കുവാനായി ചിലവായിട്ടുള്ള സംഖ്യയുടെ ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിരിയ്ക്കുന്നു. (അനുബന്ധം V).

മിസ്റ്റർ കെ. പി. വള്ളോൻ. ഉത്സവങ്ങൾ ആരുടെ ഏർപ്പാടിലാണ് നടത്തുന്നതു്? സംരക്ഷകന്റെയോ അല്ല അവിടെ താമസിക്കുന്ന ആളുകളുടേയോ?

രാമവമ്മതമ്പുരാൻ.—അവിടെ താമസിക്കുന്ന ആളുകളുടെ ഏർപ്പാടിലാണു്.

മിസ്റ്റർ സി. എ. ഒസേപ്പ്.—ഗവമ്മെണ്ടിൽനിന്നു അതിലേയ്ക്കു് സംഖ്യ അനുവദിക്കേണ്ട ആവശ്യമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മതമ്പുരാൻ.—ഭജനമാങ്ങളിൽനിന്നും കുറെവരായ്ക യുണ്ടായിരിക്കും. കൂടാതെ അവക്കതെങ്ങു, മാവു, പ്ലാവു മുതലായ വയിൽനിന്നും വരവുണ്ടായിരിയ്ക്കും. പിന്നെ സബ്സ്ക്രിപ്ഷൻ ആയിട്ടു പിരിച്ചെടുക്കുന്നുണ്ടാകാം. ദേവമ്മെണ്ടിൽനിന്നും ചില സഹായങ്ങൾ ചെയ്യുന്നുണ്ടായിരിക്കും.

മിസ്റ്റർ സി. എ. ഔസേപ്പ്.—ഈമാതിരി എല്ലാ ഭജനമഠങ്ങളിലും ഉത്സവങ്ങൾ നടത്തിവരുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—അതു ദേവമ്മെണ്ടിന്റെ പണംകൊണ്ടാണോ നടത്തിവരുന്നതെന്നു നിശ്ചയമില്ല.

മിസ്റ്റർ സി. എ. ഔസേപ്പ്.—അതിനെപ്പറ്റി അന്വേഷിക്കുവാൻ സാധിക്കുമോ?

രാമവമ്മതമ്പുരാൻ.—അന്വേഷിക്കാം.

മിസ്റ്റർ സി. എ. ഔസേപ്പ്.—ഭജനമഠങ്ങളിലെ ഉത്സവങ്ങൾ ദേവമ്മെണ്ടിന്റെ പണംകൊണ്ടല്ലാതെ നടത്തിയ്ക്കുവാൻ വിചാരിയ്ക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—ദേവമ്മെണ്ടിൽനിന്നു അതിലേക്ക് അധികംപണം ചിലവില്ലെന്നാണ് എന്റെ ഉഹം.

മിസ്റ്റർ സി. എ. ഔസേപ്പ്.—അങ്ങിനെയുള്ള ചിലവുകളെ സംബന്ധിച്ച് ദേവമ്മെണ്ടിനു് അതിന്റെ ഡീറേയിൽസു ചെക്കു ചെയ്യാൻ സാധിക്കയില്ലേ?

രാമവമ്മതമ്പുരാൻ.—പ്രയാസമാണ്.

മിസ്റ്റർ ജോസഫ് പെട്ട.—ആനന്ദപുരം കോളനിയിൽ എത്ര ആളുകളുണ്ടു്.

രാമവമ്മതമ്പുരാൻ.—നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—എത്രവീടുകളുണ്ടു്.

രാമവമ്മതമ്പുരാൻ.—നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—മുമ്പു എത്ര വീടുകൾ ഉണ്ടെന്നു ചോദിച്ചതിനു് അഞ്ചുവീട്ടുകാർ ഉണ്ടെന്നുമറുപടി പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ ജോജ്ജ് ചാക്യാമ്മ.—അഞ്ചുവീട്ടുകാരുടെ ഉത്സവത്തിനുവേണ്ടി അറുപതു്, എഴുപതു് രൂപാ ചിലവുചെയ്യുന്നതു എന്തിനാണു്?

രാമവമ്മതമ്പുരാൻ.—വീടുകളിലല്ല ഉത്സവം നടത്തുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.—ഈ പണം മുഴുവനും ശരിയായി ചിലവാക്കുന്നുണ്ടോ എന്നു് അന്വേഷിക്കാമോ?

രാമവമ്മതമ്പുരാൻ.—സാധിക്കയില്ല.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—ചിലവായിട്ടുള്ള സംഖ്യയുടെ ഒരു ലിസ്റ്റു് കൊടുത്തിട്ടുണ്ടു്. ഈ ലിസ്റ്റു് ദേവമ്മെണ്ടിനു് എവിടെനിന്നു കിട്ടിയതാണു്?

രാമവമ്മതമ്പുരാൻ.—പ്രൊട്ടക്ടരുടെ അടുക്കൽനിന്നു്,

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി.—വള്ളോൻ.—ഇങ്ങിനെ ചുമത്തുന്ന സംഖ്യകൾ മേലാൽ അധീകൃതരുടെ ഉപകാരത്തിനുവേണ്ടികൊടുക്കുവാൻ സർക്കാരിനു വിരോധമുണ്ടോ?

രാമവർമ്മതമ്പുരാൻ.—ആ സംഖ്യകൾ എവിടെനിന്നാണു കിട്ടിയതെന്നു തന്നെ സർക്കാരിനു നിശ്ചയമില്ല.

Landing charges—levy of.

349. Mr. Joseph Pettah.—Adverting to the Schedule supplied as Appendix VI in answer to question No. 239 of the Legislative Session of February 1934, will the Government be pleased to state—

(a) whether any landing charges are levied on boats and other water conveyances as distinct from the mooring charges;

(b) if so, what are the rates of such landing charges, and when are they to be collected;

(c) are boats that have moored for more than 24 hours to pay both the landing and mooring charges;

(d) does the contractor or his agent issue any receipt to the boat men for the amounts collected from them as landing or mooring charges;

(e) if so, will the Government be pleased to place on the table the counterfoils of one such book of receipts issued out by the contractor or his agent?

Rama Varmha Tampuran.—(a) Yes.

(b) The same rates as are shown in the Schedule. Landing charges are to be collected on landing.

(c) They have to pay landing charges as soon as they land and mooring charges for the number of days they moor.

(d) Yes.

(e) Book No. 34 containing counterfoils of such receipts Nos. 3301—3400 is placed on the Council Table.

Mr. Joseph Pettah.—With regard to the receipt books will the Government be pleased to say whether there are separate receipt books for landing charges and mooring charges.

Rama Varmha Tampuran.—Unless I go through those receipts once more I shall not be able to answer.

Mr. Joseph Pettah.—Are the receipts numbered consecutively for a series of years or for each year?

Rama Varmha Tampuran.—I think it is for a number of years together.

Mr. Joseph Pettah.—Do the Government think that the receipts have been detached on one and the same day, or consecutively detached on the respective dates.

Rama Varmha Tampuran.—How can it be found out from

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IV.

ഹജൂരാപ്പീസ്സിലേക്കു വരുത്തുന്ന മാസികകളുടെ വിവരങ്ങളടങ്ങിയ ലിസ്റ്റ്.

മാസികകളുടെപേർ.	എത്ര പ്രതികം വാങ്ങുന്നുണ്ട് എന്നു.	എന്നുമുതൽ വാങ്ങിതുടങ്ങി എന്നു.	കൊല്ലത്താൾ വരി സംഖ്യ. ക. ണ സ
൧. ഇന്ത്യൻ എഞ്ചിനീറിങ്ങ്	൧	൧൦൯൩	൨൪ —൦ —൦
൨. ഇന്ത്യൻ ഫാറസ്റ്റർ	൧	൧൦൯൩	൧൪ —൧ —൧
൩. ടോപ്പിക്കൽ അഗ്രിക്കൾച്ചറിസ്റ്റ്	൧	൧൦൯൩	൧൨ —൬ —൦
൪. മൈസൂർ ഇക്കൊണൊമിക്ക് ജർണൽ	൧	൧൦൯൩	൩ —൦ —൦
൫. ഫ്യൂഡേട്ടറി ആൻറ സെമിന്ദാറി ഇന്ത്യാ	൩	൧൦൯൫	൩൦ —൦ —൦
൬. ജർണൽ ഓഫ് കോമേർസ്	൧	൧൧൦൫	൩൪ —൦ —൦
൭. മഹിള	൧	൧൧൦൬	൩ —൦ —൧
൮. ഇന്ത്യൻ സ്റ്റോറസ് ഗസറ്റ്	൧	൧൧൦൪	൧൦ —൦ —൦

APPPENDIX V.

	൧൧൦൫. ക.	൧൧൦൬. ക.	൧൧൦൯. ക.
വിജയരാഘവപുരം കോളനി	൩൦	൪൦	൪൦
ആനന്ദപുരം കോളനി	൩൦	൬൦	൪൦
മാള കോളനി	൬൦	Nil	Nil
മലയാറ്റൂർ കോളനി	Nil	Nil	൬൪

LIBRARY ARCHIVES Kerala Legislative Assembly